# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6049 04.07.2019 ൽ മറുപടി നൽകേണ്ടത്.

**സർക്കാർ അന്ധ വിദ്യാലയങ്ങളിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ**

| | ചോദ്യം<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ അധീനതയിലുള്ള അന്ധ വിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുണ്ടോ;എങ്കിൽ അവരുടെ പേരു വിവരവും വിശദാംശങ്ങളും വെളിപ്പെടുത്തുമോ; | (എ) | വികലാംഗ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടറ്റിലെ ഐ.ഇ.ഡി.വിഭാഗത്തിലെ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.രാജനെതിരെ നം.വി.ഇ 4/ 2018/എസ്.ഐ.യു-2 പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നുണ്ട്. നിയമയോഗ്യതയുമായി ബന്ധപ്പെട്ട ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.രാജനെ കോട്ടയം ജില്ലയിലെ ഒളശ്ശ ഗവ.അന്ധവിദ്യാലയത്തിലെ പ്രഥമാധ്യാപക തസ്തികയിലേയ്ക്ക് തരം താഴ്ത്തുകയുണ്ടായി. തുടർന്ന് സ്കൂളിൽ നിന്നും 31.03.2019-ന് ശ്രീ.രാജൻ സേവനത്തിൽ നിന്നും വിരമിച്ചു. |
| (ബി) | വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ശ്രീ.രാജനെതിരെ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ വകുപ്പ്തല നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.<br>തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം സർക്കാർ അന്ധവിദ്യാലയത്തിൽ പ്രഥമാധ്യാപകൻ ആയിരുന്ന ശ്രീ.കെ.എം.അബ്ദുൽ ഹക്കീമിനെതിരായി ഇ 8/(എസ്.സി) 13/16/ടി എസ്.ആർ) 1425/2016 നം പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |

| | | | |
|---|---|---|---|
| | | | യുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ് (സി സി & എ) റൂൾ 15 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആരോപണ വിധേയരായ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ അന്ധ വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നുണ്ടോ; വെളിപ്പെടുത്തുമോ? | (സി) | വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ അന്ധ വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ